**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 434** **05-12-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നിന്റെ വ്യാപനം തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിൽ നിന്നും മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മയക്കുമരുന്ന് കടത്ത്, വിപണനം, ഉപയോഗം എന്നിവ പ്രതിരോധിക്കുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്, കൺട്രോൾ റൂം സംവിധാനം, വാഹനപരിശോധന സംവിധാനം എന്നിവ പ്രവർത്തിച്ച് വരുന്നു. സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും, സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗും, വാഹന പരിശോധനകളും നടത്തുകയും ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കി മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിൻ മാർഗ്ഗമുള്ള ലഹരി മരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫ്.മായി ചേർന്നും, തീരദേശമേഖലയിൽ തീരദേശ പോലീസ് സേനയുമായി ചേർന്നും പരിശോധനകളും പട്രോളിംഗും നടത്തി വരുന്നു.<br><br>മയക്കുമരുന്ന് കടത്ത്, വിപണനം ഇവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, സ്റ്റേറ്റ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. എൻ.ഡി.പി.എസ്. കേസുകളിലെ മുൻ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവർ തുടർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കുറ്റകൃത്യം ആവർത്തിക്കുന്നവർക്ക് കൂടുതൽ ശിക്ഷ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനും കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി വിമുക്തി മിഷൻ മുഖേന വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി മുക്ത നവ കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രചരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെ തുടർന്ന് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. പ്രസ്തുത കാലയളവിൽ ലഹരിക്കെതിരെ ബഹുജന പങ്കാളിത്തത്തോടെ വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുമുണ്ട്. |
| (ബി) | സ്കൂൾ - കോളേജ് തലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും യുവജന ക്ലബ്ബുകളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ ലഹരിവസ്തുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ വിമുക്തി മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വരുന്നു. സ്കൂൾ/ കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ച് വരുന്നു.<br><br>സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റിയും, എക്സൈസ് വകുപ്പും, വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കുകയും, എല്ലാ ജില്ലകളിലും അധ്യാപകർ, എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുകയും ചെയ്തു വരുന്നു.<br><br>ലഹരി മുക്ത നവ കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 2022 ഒക്ടോബർ 2 |

| | | | |
|---|---|---|---|
| | | | മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രചരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെ തുടർന്ന് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. പ്രസ്തുത കാലയളവിൽ ലഹരിക്കെതിരെ ബഹുജന പങ്കാളിത്തത്തോടെ വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുമുണ്ട്. |
| (സി) | രാഷ്ട്രീയ യുവജന സംഘടനകളെ സഹകരിപ്പിച്ചുകൊണ്ട് പഞ്ചായത്തു തലങ്ങളിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും, സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി ജീവനക്കാർ, ആശാവർക്കർമാർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന ലഹരി വിരുദ്ധ പ്രചരണ പരിപാടികളിൽ ഏറിയ പങ്കും നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. |

സെക്ഷൻ ഓഫീസർ